"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - 2025-26 സാമ്പത്തികവർഷം "2515-00-102-29-PV" ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതമായ 230 കോടി രൂപയുടെ അടുത്ത ഗഡുവായി 46 കോടി രൂപ കുടുംബശ്രീയ്ക്ക് അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2915/2025/LSGD തീയതി,തിരുവനന്തപുരം, 04-12-2025

---

പരാമർശം:-

1. 03/07/2018-ലെ സ.ഉ.(അ)നം.100/2018/ധന
2. 07/04/2025-ലെ സ.ഉ.(സാധാ)നം.922/2025 /തസ്വഭവ
3. 20/05/2025-ലെ സ.ഉ.(സാധാ)നം.1234/2025 /തസ്വഭവ
4. 25/11/2025-ലെ സ.ഉ.(സാധാ)നം.2878/2025 /തസ്വഭവ
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29/08/2025, 12/11/2025 തീയതികളിലെ KSHO/291/2025-A നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2025-26 സാമ്പത്തികവർഷത്തിൽ കുടുംബശ്രീയുടെ തുടർ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾക്കായി "2515-00-102-29-PV" എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 230 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. 2025-26 സാമ്പത്തികവർഷത്തെ ആകെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 55.89 കോടി രൂപ പരാമർശം (3), (4) ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്.

3. 2025-26 സാമ്പത്തികവർഷത്തെ ആകെ ബഡ്ജറ്റ് വിഹിതത്തിന്റെ അടുത്ത ഗഡു കൂടി അനുവദിച്ച് നൽകണമെന്ന് പരാമർശം (5) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി 2025-26 സാമ്പത്തിക വർഷം കുടുംബശ്രീയുടെ "2515-00-102-29-PV" എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 230 കോടി രൂപയുടെ അടുത്ത ഗഡുവായി 46 കോടി രൂപ (നാൽപത്തി ആറ് കോടി രൂപ മാത്രം) കൂടി കുടുംബശ്രീയ്ക്ക് അനുവദിച്ച് ഉത്തരവാകുന്നു.

5. തദ്ദേശസ്വയംഭരണ വകുപ്പിലെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ ടി തുക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശീർഷകത്തിലേക്കു കൈമാറ്റം ചെയ്യേണ്ടതും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ തുകയുടെ വിനിയോഗം സംബന്ധിച്ച സാക്ഷ്യപത്രം യഥാസമയം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (03.12.2025-ലെ WCD-3/99/2025-FIN പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (File No. LSGD-IA1/90/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 05-12-2025 10:47:29

സെക്ഷൻ ഓഫീസർ